# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കണ്ണൂർ**
**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1223/21
2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 07/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-20, 1-25 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1223/21 തീയ്യതി: 07/12/2021
2021

## കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്:

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2020 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 23-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 23-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ബാബുരാജ് മടപ്രത്ത്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.സുമതി.ടി.ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശ്രീജ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.നിഖില.എ.എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കെ.പ്രസീത | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| | | | |

| | | | |
|---|---|---|---|
| ശ്രീ.പി.സി.ഗംഗാധരൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.രാജേഷ് കുമാർ.ടി | സെക്രട്ടറി | 01-04-2020 | 31-03-2021 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രണാം.കെ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സൗമ്യ.എ. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷൈമജ ഉത്തമൻ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷിനി.പി. | വി.ഇ.ഒ.കണ്ടംകുന്ന് | 01-04-2020 | 31-03-2021 |
| ശ്രീ.ഫറൂക്ക്.ടി.എം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രവീണ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രസ്ന സദൻ.കെ.ടി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 03-02-2021 |
| ശ്രീമതി.രജനി.പി.വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 04-02-2021 | 31-03-2021 |
| ശ്രീമതി.ജിഷ തമ്പുരാൻ | വി.ഇ.ഒ, മാങ്ങാട്ടിടം | 01-04-2020 | 18-09-2020 |
| ശ്രീ.വിൽഫ്രഡ് സാജൻ | വി.ഇ.ഒ, മാങ്ങാട്ടിടം | 19-09-2020 | 31-03-2021 |
| ശ്രീമതി.ജഷി ദിനകരൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി.കനകവല്ലി.കെ.കെ. | ഹെഡ് മിസ്ട്രസ് | 01-04-2020 | 24-09-2020 |
| ശ്രീമതി.രജിത ചെറിയാക്കടവത്ത് | ഹെഡ് മിസ്ട്രസ് | 25-09-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെയുള്ള കാലയളവിൽ ശ്രീ.രാജേഷ് കുമാർ.ടി, അസി.സെക്രട്ടറി, ശ്രീമതി.സൗമ്യ.എ), കൃഷി ഓഫീസർ, ശ്രീ.പ്രണാം.കെ.ടി, അസി.എഞ്ചിനീയർ എന്നവരടങ്ങിയ ഭരണനിർവ്വഹണ സമിതിയാണ് ഭരണ നിർവ്വഹണം നടത്തിയത്.

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Baburaj (Audit Officer, On 17-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 07-12-2021) | 1-1 |
| 2 | ബജറ്റ് രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Baburaj (Audit Officer, On 22-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Baburaj (Audit Officer, On 19-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 07-12-2021) | 1-2 |
| 4 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Baburaj (Audit Officer, On 19-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 07-12-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Baburaj (Audit Officer, On 17-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Baburaj (Audit Officer, On 19-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-5 |
| 8 | ഗ്രാമസഭകൾ,വർക്കിംഗ് ഗ്രൂപ്പുകൾ<br>Written By: Baburaj (Audit Officer, On 25-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-5-1 |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി<br>Written By: Baburaj (Audit Officer, On 17-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 07-12-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Baburaj (Audit Officer, On 19-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: Baburaj (Audit Officer, On 19-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Baburaj (Audit Officer, On 19-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-9 |
| 13 | പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നു.<br>Written By: Nikhila A.M. (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-10 |
| 14 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Nikhila A.M. (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-11 |
| 15 | വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് വാർഡടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Nikhila A.M. (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-12 |
| 16 | സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2020-21 വർഷം എഫ്.ടി.ഇ. & ഒ.എസ് ലൈസൻസെടുത്തിട്ടില്ല<br>Written By: Nikhila A.M. (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-13 |
| 17 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി<br>Written By: Nikhila A.M. (Auditor, On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-14 |
| 18 | വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - | 1-15 |

| | | |
|---|---|---|
| | സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകി<br>Written By: Nikhila A.M. (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | |
| 19 | ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-16 |
| 20 | സമഗ്ര ആരോഗ്യ പരിപാടി പദ്ധതി നടത്തിപ്പിലെ അപാകത - 46,647/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 24-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 07-12-2021) | 1-17 |
| 21 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-18 |
| 22 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-19 |
| 23 | ജി.ഐ.എസ് മാപ്പിംഗ് - പദ്ധതി നിർവ്വഹണ പുരോഗതി അറിയിക്കേണ്ടതാണ്<br>Written By: Sumathi.T.O (Auditor, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | 1-20 |
| 24 | ഐ.കെ.എമ്മിന് തുക നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-21 |
| 25 | കുടുംബക്ഷേമ ഉപകേന്ദ്രം കമ്പ്യൂട്ടർ ,പ്രിന്റർ, നെറ്റ് സെറ്റർ എന്നിവ വാങ്ങൽ- 6014 രൂപ അധികമായി നൽകി<br>Written By: Sumathi.T.O (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-22 |
| 26 | സാന്ത്വന പരിചരണം - മുഴുവൻ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Sumathi.T.O (Auditor, On 24-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-23 |
| 27 | ആടു വളർത്തൽ ,മിനി ഫാം- അപാകങ്ങൾ -₹25000 തടസ്സപ്പെടുത്തുന്നു.<br>Written By: Sreeja.K (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-24 |
| 28 | കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Sreeja.K (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-25 |
| 29 | പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ - 90924/- രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Sumathi.T.O (Auditor, On 24-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 07-12-2021) | 1-26 |
| 30 | ഹരിത കർമസേനാംഗങ്ങൾക്ക് ഹോണറേറിയം നൽകൽ- അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-27 |
| 31 | പട്ടികവർഗ കുടുംബങ്ങൾക്ക് സൗരറാന്തൽ വാങ്ങി നൽകൽ- മാർഗരേഖ നിർദ്ദേശം പാലിച്ചില്ല<br>Written By: Sreeja.K (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-28 |
| 32 | പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ-പണമായി ആനുകൂല്യം അനുവദിച്ചു<br>Written By: Sreeja.K (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-12-2021) | 1-29 |
| 33 | വെള്ളക്കരം അടവാക്കുന്നത്- സംയുക്ത പരിശോധനാ | 1-30 |

| | | |
|---|---|---|
| | റിപ്പോർട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-12-2021) | |
| 34 | എസ്.എസ്.എൽ.സി ,പ്ലസ് വൺ തുല്യതാ കോഴ്സ് ഫീ -കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Sumathi.T.O (Auditor, On 24-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-12-2021) | 1-31 |
| 35 | ആയുർവേദ ഡിസ്പെൻസറി ക്യാഷ് നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ ബോർഡുകൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ - ₹99,900 തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 24-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 07-12-2021) | 1-32 |
| 36 | കാലതാമസത്തിനു ഫൈൻ ഈടാക്കിയില്ല<br>Written By: Baburaj (Audit Officer, On 25-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 07-12-2021) | 1-33 |
| 37 | മോണിറ്ററിങ്ങ് ഫലപ്രദമല്ല<br>Written By: Baburaj (Audit Officer, On 26-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-12-2021) | 1-34 |
| 38 | അസി.എഞ്ചിനീയർ-പദ്ധതി നിർവഹണത്തിലെ പൊതു അപാകതകൾ<br>Written By: Baburaj (Audit Officer, On 27-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-12-2021) | 1-35 |
| 39 | ഇ-ടെണ്ടർ ഫീ ഈടാക്കിയിട്ടില്ല<br>Written By: Baburaj (Audit Officer, On 27-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-12-2021) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 07-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 07-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നതിന്റെ വിവരങ്ങൾ<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-12-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| | Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-12-2021) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 07-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 07-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 21.03.2020 തീയതിയിലെ യോഗത്തിലെ 26/2020 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കിയ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 25.03.2020 തീയതിയിൽ അവതരിപ്പിക്കുകയും ഭരണസമിതിയുടെ 1/65/2020 തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 06.02.2021 തീയതിയിലെ യോഗത്തിലെ 12/20-21 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 15.02.2021 തീയതിയിലെ തീരുമാന പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 9973949 | 58878884 |
| തൻവർഷ വരവ് | 206095000 | 114660552 |
| ആകെ | 216068949 | 173539436 |
| തൻ വർഷ ചെലവ് | 204773835 | 163373093 |
| നീക്കിയിരിപ്പ് | 11295114 | 10166338 |

## 1-1-1 ബജറ്റ് രേഖകൾ സൂക്ഷിക്കുന്നില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2020-2021 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016 തീയതി 02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ച ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 06.05.2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1. RURBAN MISSION ഫണ്ടിൽ നിന്നും തൻവർഷം ചെലവഴിച്ച ₹157363 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ Code 320100299 Grants And Contribution Specific Purpose Other Central Government Grants (RURBAN MISSION) B-4 Schedule പ്രകാരം ₹157363 അധിക ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.

3. തൊഴിൽ നികുതി (Traders) രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5.പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) പൂർണമായും അക്കൗണ്ടിങ്ങ് ചെയ്യപ്പെട്ടിട്ടില്ല

6.ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുക (86893495) കാലികമാക്കാതെ ഒരേ തുക തന്നെ എല്ലാ വർഷവും രേഖപ്പെടുത്തിയിട്ടുള്ളത്.

7.2019-20 വർഷത്തെ വാർഷിക കണക്ക് B-15 പ്രകാരം 9226/- രൂപയാണ് വസ്തു നികുതി കുടിശ്ശികയുള്ളത്. എന്നാൽ 2020-21ലെ സഞ്ചയ പ്രകാരം 15799/- രൂപ ഈ ഇനത്തിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്.

8.വസ്തുനികുതി - വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തൻവർഷ കളക്ഷൻ (RP-43) തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം (RP-43) | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം |
|---|---|---|
| കളക്ഷൻ | 4442477 | 4453582 |

9.വസ്തു നികുതി കുടിശ്ശിക - വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ (RP-43) തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം (RP-43) | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം |
|---|---|---|
| കളക്ഷൻ | 17881 | 7720 |

10.ബിൽഡിംഗ് പെർമിറ്റ് ഫീ, വാടക വരവ് എന്നിയുടെ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

11.വാർഷിക കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (Notes On Accounts) തയ്യാറാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 36467687 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 103860355 |
| ആകെ | 140328042 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95286457 |
| നീക്കിയിരിപ്പ് | 45041585 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹170647 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17877731 | 17877731 | 17877731 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1297000 | 1297000 | 1096509 | 200491 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 401208 | 401208 | 352592 | 48616 |
| മെയിന്റനൻസ്, റോഡ് | 0 | 19238000 | 19238000 | 19238000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5203000 | 5203000 | 5203000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 15694751 | 15694751 | 11229056 | 4465695 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് | 0 | 6410000 | 6410000 | 4578694 | 1831306 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| 1.ഐ.സി.ഡി.എസ് | 794828 | 1505847 | 2300675 | 1421204 | 879471 |
| 2.പൈക്ക | 851 | -- | 851 | -- | 851 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 1429 | 128 | 1557 | -- | 1557 |
| സമ്പൂർണ്ണ ശുചിത്വം | 218170 | 190000 | 408170 | 190000 | 218170 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1946751 | 3528068 | 5474819 | 3323967 | 2150852 |
| എം.പി.ഫണ്ട് | 6383 | 203 (പലിശ) | 6586 | -- | 6586 |
| റബ്ബർ മിഷൻ ഫണ്ട് | 144265 | 13098 | 157363 | -- | 157363 |
| സമ്പൂർണ്ണ ശുചിത്വം | 218170 | 190000 | 408170 | 190000 | 218170 |
| സംസ്ഥാന സർക്കാർ വിഹിതം | 1131108 | 2853085 | 3984193 | 3148230 | 835963 |
| മറ്റ് ഗ്രാന്റുകൾ | -- | 300000 | 300000 | -- | 300000 |
| സംസ്ഥാന സർക്കാർ അവാർഡുകൾ | 800000 | 300000 | 1100000 | 800000 | 300000 |
| മറ്റ് അവാർഡുകൾ | 100000 | -- | 100000 | -- | 100000 |

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 214 | 120882708 | 164 | 76350494 | 23 | 50 | 65.88 |

**നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവു വിവരങ്ങൾ**

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 27 | 16 | 22855924 | 9952119 | 43.5 |
| 2 | അസി.എഞ്ചിനീയർ | 94 | 67 | 54480945 | 37381932 | 68.61 |
| 3 | അഗ്രിക്കൾച്ചർ ഓഫീസർ | 18 | 17 | 5223405 | 5168615 | 98.95 |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 10 | 9 | 2232592 | 1882793 | 84.33 |
| 5 | മെഡിക്കൽ ഓഫീസർ (ആയു) | 3 | 3 | 722790 | 722782 | 100 |
| 6 | ഹെഡ് മാസ്റ്റർ | 7 | 5 | 1778573 | 1411380 | 79.35 |
| 7 | വെറ്റിനറി സർജൻ | 10 | 7 | 2725600 | 2341110 | 85.89 |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | 16 | 15 | 3163338 | 2242215 | 70.88 |
| 9 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 5830315 | 4915694 | 84.35 |
| 10 | വി.ഇ.ഒ (മാങ്ങാട്ടിടം) | 9 | 8 | 9572888 | 2423190 | 25 |
| 11 | വി.ഇ.ഒ (കണ്ടംകുന്ന്) | 12 | 11 | 8468338 | 6640432 | 78 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2400000 | 1268232 | 52.84 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 0 | 1428000 | 0 | 0 |
| | ആകെ | 214 | 164 | 120882708 | 76350494 | 63.15 |

## 1-5-1 ഗ്രാമസഭകൾ,വർക്കിംഗ് ഗ്രൂപ്പുകൾ

ഗ്രാമസഭകൾ

കോവിഡിന്റെ പശ്ചാത്തലത്തിൽ 2020-21 വർഷത്തിൽ ഗ്രാമസഭകൾ ഒരു തവണ മാത്രമാണ് യോഗം ചേർന്നത്. ഫെബ്രുവരി മാസം നടന്ന യോഗം താഴെക്കാണിച്ച അജണ്ടകൾ നിശ്ചയിച്ച് കൊണ്ടാണ് ചേർന്നിട്ടുള്ളത്.

2020-21 വാർഷിക പദ്ധതി അവലോകനം

2021-22 വാർഷിക പദ്ധതി രൂപീകരണം

ഗുണഭോക്താക്കളെ അംഗീകരിക്കൽ

ഓഡിറ്റ് റിപ്പോർട്ടുകൾ വായിക്കൽ

പെൻഷന് അർഹരായ ഗുണഭോക്താക്കളെ അംഗീകരിക്കൽ

ശുചിത്വം – ഗ്രീൻ പ്രോട്ടോക്കോൾ

മികച്ച പങ്കാളിത്തം യോഗത്തിലുണ്ടായിട്ടുണ്ട്. യോഗ മിനുട്സുകളെല്ലാം എഴുതി പൂർത്തീകരിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ

2020-21 വർഷത്തിൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 25.01.2021, 16.02.2021 എന്നീ തീയതികളിൽ യോഗം ചേർന്നിട്ടുണ്ട്. മിനുട്സുകൾ കൃത്യമായി സൂക്ഷിച്ച് വരുന്നുണ്ട്.

വികസന സെമിനാർ

2020-21 വർഷത്തെ വികസന സെമിനാർ 29.2.2020തീയ്യതിയിൽ ചേർന്നു. 156 പേർ പങ്കെടുത്തു. എന്നാൽ മിനുട്ട്സിൽ തീരുമാനങ്ങളൊന്നും രേഖപ്പെടുത്തി കാണുന്നില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | -- | 40174271 | 40174271 | 40174271 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 736925 | 1034585 | 1771510 | 1768428 | 3082 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10734100 | 709 |
| തൊഴിൽ രഹിത വേതനം | 720 | 1 |
| വിധവാ പെൻഷൻ | 21968700 | 1461 |
| വാർദ്ധക്യകാല പെൻഷൻ | 35249300 | 2692 |
| ഭിന്നശേഷിക്കാരുടെ പെൻഷൻ | 6724100 | 457 |
| അവിവാഹിത പെൻഷൻ | 4738400 | 326 |
| വിവാഹ ധനസഹായം | 780000 | 26 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2021ന് ഉച്ച തിരിഞ്ഞ് 2.50ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10049/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമായി തന്നെ പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാ മാസവും വിളിച്ച് ചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ചേർന്ന യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ് പുരോഗതി, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തൽ എന്നിവയാണ് മിക്കവാറും അവലോകനം നടത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി ഉൾപ്പെടെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതാണ്. ഭൂനികുതിയൊടുക്കിയും പോക്കു വരവ് മുതലായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയും ഭൂമിസംബന്ധമായ കാര്യങ്ങൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 ഉപചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമസ്ഥൻ അത് സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും ആ കെട്ടിടം പൊളിച്ചു കളയുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടാവുന്ന വസ്തു നികുതി നൽകാൻ ഉടമസ്ഥൻ ബാധ്യസ്ഥനാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷം ഇപ്രകാരം പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനായി ലഭിച്ച അപേക്ഷകളിൻമേൽ ചട്ടപ്രകാരമുള്ള നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ പരിശോധിച്ചതിൽ 2020-21 ഒന്നാം അർദ്ധവർഷം തന്നെ കെട്ടിടം പൊളിച്ചു കളഞ്ഞതായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ 2020-21 വർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായാണ് കാണുന്നത്. ഈടാക്കിയ നികുതി അഡ്വാൻസ് ആയും രേഖപ്പെടുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷ നം. തീയതി | കെട്ടിട നം. | കെട്ടിട ഉടമസ്ഥൻ | ഈടാക്കിയ നികുതി | സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ |
|---|---|---|---|---|---|
| 1 | ബി4/432/21 18-01-21 | XVI/465 | തെനിശ്ശേരി ചന്ദ്രോത്ത് രാജീവൻ | 47 | 2020-21 ഒന്നാം അർദ്ധവർഷം കെട്ടിടം പൊളിച്ചു കളഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2020-21 വർഷത്തെ ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. ബാലൻസിൽ അധികം തുക അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് |
| 2 | എ3/1534/21 4/03/21 | 15/433 | അനുരാധ കാരക്കണ്ടി | 28 | |
| 3 | എ3/749/21 01/02/21 | 2/75 | നാരായണി മുള്ളോറ | 8 | |
| 4 | ബി4/1738/21 12/01/21 | 17/148 | തണലോട്ട് നബീസു | 28 | |
| 5 | എ2/6099/20 23/12/20 | 15/253 | നാരായണി | 25 | |

യഥാർത്ഥത്തിൽ തൻവർഷത്തെ ഡിമാന്റ്, കളക്ഷൻ ആയി രേഖപ്പെടുത്തേണ്ട തുക ഡിമാന്റിൽ നിന്നും ഒഴിവാക്കി അഡ്വാൻസ് ആയി രേഖപ്പെടുത്തിയത് ശരിയായ നടപടിയല്ല. മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19 തീയതി 20-10-2021) ലഭ്യമാക്കിയ മറുപടിയിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-11 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019-ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. നിലവിൽ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് ആയത് കാണിക്കുന്നത്. ഇത് ക്രമപ്രകാരമല്ല. ക്രമവൽകരണ ഇനത്തിൽ 1,37,576/- രൂപ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

### 1-12 വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് വാർഡടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ ലിസ്റ്റ് വാർഡടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ നികുതി പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു ഫണ്ടിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു. ആയതിനാൽ വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-13 സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2020-21 വർഷം എഫ്.ടി.ഇ. & ഒ.എസ് ലൈസൻസെടുത്തിട്ടില്ല

1. 1996 കേരള പഞ്ചായത്തിരാജ് നിയമം (ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റർപ്രണർ ഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ്) ചട്ടങ്ങൾ, ചട്ടം 3 ലെ ഒന്നാം പട്ടികയിലെ ക്രമ നമ്പർ 142 പ്രകാരം സ്വകാര്യ ആശുപത്രികളുടെ നടത്തിപ്പിനും ക്രമ നമ്പർ 143 പ്രകാരം സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിനും ലൈസൻസ് എടുക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ 2020-21ൽ രജിസ്റ്റർ ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2020-21 വർഷം എഫ്.ടി.ഇ. & ഒ.എസ് ലൈസൻസെടുത്തിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|---|
| 1. | V/145 Q | അനൂപ് കുമാർ. കെ, ആയുർവ്വേദ ക്ലിനിക്ക് |
| 2. | III/434 V,W,X,Y | സൗഭാഗ്യ ശ്രീകാന്ത്, മെഡിക്കൽ ലാബ് |
| 3, | III/434 J | അഞ്ജു. പി, ആയുർവ്വേദ ക്ലിനിക്ക് |
| 4. | III/434 U | ഡോ അർച്ചന. പി, ഡെന്റൽ കെയർ |
| 5. | II/525 | സഞ്ജയിക. കെ. കെ, യൂണിറ്റി മെഡിക്കൽ ലാബ് |
| 6. | ലഭ്യമായിട്ടില്ല | ഡോ ആതിര രാജ്, കെയർ & ക്യൂർ മെഡിക്കൽ ക്ലിനിക്ക് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/18.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനും കാരണമാകുന്നു. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

2. സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2020-21 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ 2019-20 വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2020-21 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|---|
| 1. | XII/149 D | ഗൗരി. കെ, ഹോമിയോപ്പതി ക്ലിനിക്ക് |
| 2. | II/602 D | ദിവ്യ. ടി, മെഡിക്കൽ സെന്റർ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/18.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി

1. എഫ്.ടി.ഇ.& ഒ.എസ്. ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ പാർപ്പിടമെന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം |
|---|---|---|---|
| 1 | VII/194 A | മുര്യൻ ദേവി | ഹോട്ടൽ |
| 2 | XIII/283 | ഷൗക്കത്തലി. കെ | ഗ്രിൽസ് നിർമാണം |
| 3 | V/264 | വേലായുധൻ പുതുശ്ശേരി | ഫർണിച്ചർ നിർമാണം |
| 4 | V/586 | ചന്ദ്രോത്ത് കണ്ടി രാമചന്ദ്രൻ | അനാദിക്കച്ചവടം |
| 5 | V/155 | ഷഹീർ. പി.വി | പച്ചക്കറി വില്പന |
| 6 | XII/332 | പ്രസന്നകുമാരി.ടി.പി | ഫ്ലോർമിൽ |
| 7 | XIII/448 | രതീഷ്. ടി.പി | വെൽഡിംഗ് വർക്ക്സ് |
| 8 | XIII/210 | പി.കെ.പ്രസാദ് | ഫർണിച്ചർ നിർമാണം |
| 9 | XII/494 | പി. കെ. ഗണേശൻ | അരി, ഗോതമ്പ് പൊടിച്ച് വിതരണം |
| 10 | XIII/237 | അളോക്കൻ പുരുഷോത്തമൻ | ഗാർമെന്റ്സ് |
| 11 | XIII/366 | തോട്ടത്തിൽ രാജീവൻ | റെഡിമെയ്ഡ് വസ്ത്ര നിർമാണം |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 35/23.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം ഒക്യുപ്പൻസി തെറ്റായി രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളെയും കണ്ടെത്തി ഇത് മൂലമുണ്ടായ നികുതി നഷ്ടം കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിലുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. എഫ്.ടി.ഇ.& ഒ.എസ്. ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല.

| ക്രമ നം. | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം |
|---|---|---|---|
| 1 | V/389 B,C | അനസ്. സി. എച്ച് | മരക്കച്ചവടം |
| 2 | V/428 G | മഹിജ.ടി | ഫ്ലോർമിൽ |
| 3 | XII/309 F | ചന്ദ്രൻ താളി | ഈർച്ചമിൽ |
| 4 | XII/445 C | പ്രേമൻ. പി | ഇന്റർലോക്ക് നിർമാണം |

മേൽ പരാമർശത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 35/23.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് ഉൾപ്പെടുത്തി സോഫ്റ്റ്‌വെയർ കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വ്യക്തികൾ നിലവിൽ വസ്തുനികുതി ഒടുക്കി വരുന്നവരാണെന്നും, കെട്ടിട നമ്പറിലെ മാറ്റം കാരണം ഇവരുടെ കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നതിൽ വീഴ്ച വന്നിട്ടില്ലെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകി

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്ത ഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ അപേക്ഷ സമർപ്പിക്കാത്തതും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനപ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങളിൽ ഉൾപ്പെടാത്തതുമായ താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ 2020-21 വർഷം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഇളവ് നൽകിയ വർഷം |
|---|---|---|---|
| 1 | VI/91 A | ശശീന്ദ്രൻ. പി. കെ | 2020-21 |
| 2 | XII/89 | രോഷവി. ഒ | 2020-21 |
| 3 | XIII/427 | സി.എ. ദാമോദരൻ | 2020-21 |
| 4 | XVIII/421 A | വടക്കേടത്ത് മൈലപ്രവൻ മാധവൻ നമ്പ്യാർ | 2020-21 |
| 5 | I/183 A | കാട്ടാമ്പള്ളി ഷജ്ജ | 2020-21 |
| 4 | V/505 | നെയ്യൻ ബിജ്ജ | 2019-20 |
| 7 | VI/82 | കാത്തൻ രാധ | 2020-21 |

അപാകങ്ങൾക്ക് മറുപടി നൽകാൻ വേണ്ടി നൽകിയ ഓഡിറ്റ്_എൻക്വയറിക്ക് (നമ്പർ 20/20-21 തീയതി 20/10/21 നൽകിയ മറുപടിയിൽ എൻക്വയറിയിൽ പരാമർശിച്ച കെട്ടിട ഉടമസ്ഥരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയത് പരിശോധിച്ച് ഭരണസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച് സാധൂകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിക്കേണ്ടതും അപേക്ഷ സമർപ്പിക്കാത്തവർക്ക് ഇളവ് നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-16 ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും,ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994ലെ കേരളപഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് (1)എ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ എഫ് ടി ഇ &ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവന ക്കാരുടെ എണ്ണം | കെട്ടിട നമ്പർ/ സംരഭം | റിമാർക്സ് |
|---|---|---|---|---|
| 1 | കെ. രാഘവൻ കൂടപ്പൊയിൽ | 4 | II/477 ഹാർഡ് വെയർ ഷോപ്പ് | കത്ത് നൽകിയിട്ടുണ്ടെന്നറിയിച്ചു |
| 2 | കെ. രാഘവൻ കൂടപ്പൊയിൽ | 3 | II/461 രാസവളം കീടനീശിനി വില്പന | കത്ത് നൽകിയിട്ടുണ്ടെന്നറിയിച്ചു |
| 3 | ഷാജി ചന്ദ്രൻ | 2 | VI/439 A | സ്ഥിരം |

| | | | | |
|---|---|---|---|---|
| | | | കൺഫെകഷണറി | തൊഴിലാളി കളില്ലെന്ന് അറിയിച്ചു |
| 4 | കെ. ഷിനോജ് | 2 | I/309 A സോഡ നിർമാണം | കത്ത് നൽകിയിട്ടുണ്ടെ ന്നറിയിച്ചു |
| 5 | പ്രേമൻ പുതുക്കുടി | 4 | XII/455 C ഇന്റർലോക്ക് നിർമാണം | സ്ഥിരം തൊഴിലാളി കളില്ലെന്ന് അറിയിച്ചു |
| 6 | ദിനേഷ് പയ്യമ്പള്ളി | 2 | XIII/125 A ഹോംസ്റ്റേ | സ്ഥിരം തൊഴിലാളി കളില്ലെന്ന് അറിയിച്ചു |
| 7 | പ്രദീപൻ. പി | 4 | II/23 A ജാൻവീവ് ഹൈടെക് ബ്രിക്സ് | സ്ഥിരം തൊഴിലാളി കളില്ലെന്ന് അറിയിച്ചു |
| 8 | സഫിയത്ത് മിസ്ബക്ക് | 6 | XVI/414 A ഗോൾഡൻ ഫുഡ് പ്രോഡക്ട്സ് | കത്ത് നൽകിയിട്ടുണ്ടെ ന്നറിയിച്ചു |
| 9 | കെ.നസീർ | ലഭ്യമല്ല | IX/445 B,C സൂപ്പർമാർക്കറ്റ് | കത്ത് നൽകിയിട്ടു ണ്ടെന്നറിയിച്ചു |
| 10 | പി. കെ. ജിഷ | 3 | XVII/536 A കറി പൗഡർ നിർമാണം | മറുപടി ലഭ്യമാക്കി യിട്ടില്ല |

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.17/18.10.21) മറുപടിയായി മേൽപ്പറഞ്ഞ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17 സമഗ്ര ആരോഗ്യ പരിപാടി പദ്ധതി നടത്തിപ്പിലെ അപാകത - 46,647/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നം. / പേര് | 30/2021, സമഗ്ര ആരോഗ്യ പരിപാടി |
| അടങ്കൽ | ₹40000 വികസന ഫണ്ട് (ജനറൽ) |
| | ₹60000 (തനത് ഫണ്ട്) |
| | ₹1,00000 |
| ചെലവ് | ₹40000 (വികസന ഫണ്ട്-ജനറൽ) |
| | ₹10500 (തനത് ഫണ്ട്) |
| ആകെ | ₹50500 |

രോഗ പ്രതിരോധ പ്രവർത്തനങ്ങളും മറ്റ് പൊതുജനാരോഗ്യ പരിപാടികളും സുഗമമായി നടപ്പിലാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തുക | ബിൽ നമ്പർ/തീയതി |
|---|---|---|
| 1 | 7000 | 5116000401200046/08-03-2021 |
| 2 | 3500 | 5116000401200051/27-03-2021 |
| 3 | 23753 | 20220452008801097929/17-02-2021 |
| 4 | 16247 | 20220452008801205262/08-03-2021 |

1.മേൽ കൊടുത്ത ചെലവ് തുകയിൽ പ്രദീപൻ.പി, ധനഞ്ജയൻ.പി, ഉല്ലാസ് കുമാർ.കെ, വിനീഷ്.എം. എന്നിവർക്ക് വാഹന വാടകയിനത്തിൽ 38247/- രൂപ നൽകിയിട്ടുണ്ട്. ക്വട്ടേഷൻ നടപടിക്രമം പാലിക്കാതെ നാല് പേർക്ക് വാഹന വാടക നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2. ഹെൽത്ത് ഇൻസ്പെക്ടർക്ക് ഡി&ഒ ട്രേഡ് ഇൻസ്പെക്ഷൻ നടത്തുന്നതിനായി വാഹന വാടകയിനത്തിൽ 8400/- രൂപ നൽകിയിട്ടുണ്ട്. ദൈനംദിന ജോലികൾ നിർവ്വഹിക്കുന്നതിന് ഇത്തരത്തിൽ വാടക അനുവദിച്ചത് ഏതിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.
അപാകതകൾക്ക് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/20-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 46647/- രൂപ (38247+8400) തടസ്സപ്പെടുത്തുന്നു.

## 1-18 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

| പ്രോജക്ട് നമ്പർ/പേര് | തുക നൽകിയ സ്ഥാപനം | തുക | ബിൽ നമ്പർ / തീയതി |
|---|---|---|---|
| 117/കുടിവെള്ള കണക്ഷന് വേണ്ടി പൈപ്പ് ലൈൻ സ്ഥാപിക്കൽ | കേരള വാട്ടർ അതോറിറ്റി | 2090000 | 2022045201120l180138/ 03-03-2021 |
| 144/കുടിവെള്ള കണക്ഷന് വേണ്ടി പൈപ്പ് ലൈൻ സ്ഥാപിക്കൽ ശങ്കരനെല്ലൂർ മെട്ട റോഡ് മുതൽ കുഞ്ഞൂട്ടി പീടിക വരെ | കേരള വാട്ടർ അതോറിറ്റി | 180000 | 20220452011200155847/ 11-04-2020 |
| 247/കുടിവെള്ള കണക്ഷന് വേണ്ടി മാങ്ങാട്ടിടം പഞ്ചായത്തിലെ വിവിധങ്ങളായ പ്രദേശങ്ങളിൽ സ്ഥാപിച്ച പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | കേരള വാട്ടർ അതോറിറ്റി | 274000 | 20220452011201198621/ 06-03-2021 |
| | | 666000 | 20220452011201282464/ 18-03-2021 |

തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/22-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 പാലിയേറ്റീവ് മാനേജ്മെൻറ് കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗരേഖ, 07-03-2019ലെ സ.ഉ(സാധാ) നം.553/2019 നമ്പർ ഉത്തരവിലെ ഖ.2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പി.എം.സി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് മാസത്തിലൊരിക്കലോ, ആവശ്യാനുസരണമോ പി.എം.സി യോഗം ചേരേണ്ടതാണെന്നും പാലിയേറ്റീവ് പ്രവർത്തനം വിലയിരുത്തേണ്ടതും പരിഹാര നടപടികൾക്കുള്ള തീരുമാനമെടുക്കേണ്ടതുമാണെന്ന് ഉത്തരവിൽ പറയുന്നുണ്ട്.ഓരോ മാസത്തെയും റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി.എം.സി. അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ പി.എം.സി രൂപികരിച്ചതിന്റെ രേഖകളോ യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തിയ മിനുട്സോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/20-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-20 ജി.ഐ.എസ് മാപ്പിംഗ് - പദ്ധതി നിർവ്വഹണ പുരോഗതി അറിയിക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 04-10-2018 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 2556/2018/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വിവര ശേഖരണം ലക്ഷ്യമാക്കിയുള്ളതാണ് പ്രോജക്ട്. ഇതിനായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ചതിന്റെയും വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 210/21, ജി.ഐ.എസ് മാപ്പിംഗ് |
| അടങ്കൽ | ₹28,50000 (തനത് ഫണ്ട്) |
| ചെലവ് | ₹ 20,33,258<br>5116007201200030/11-11-2020 |
| | ₹ 5,19,200<br>5116007201200043/27-02-2021 |
| ആകെ ചെലവ് | ₹ 25,52,458 |

പദ്ധതി നടത്തിപ്പിനായി ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് താഴെ പറയും പ്രകാരമുള്ള ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുകനൽകിയത്.

| ഇൻവോയ്സ് നമ്പർ/ തീയതി | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|
| യു.എൽ 647/10-03-2020 | 4000 House Hold Survey | 110 | 440000 |
| യു.എൽ 648/10-03-2020 | 1 GIS Portal | 500000 | 500000 |
| യു.എൽ 680/19-03-2020 | 4000 House Hold Survey | 110 | 440000 |
| യു.എൽ.സി 18/01-07-2020 | 1000 House Hold Survey | 110 | 110000 |
| യു.എൽ സി.19/01-07-2020 | 7000 OTH Base Map | 33.30 | 233100 |
| യു.എൽ സി.37/05-08-2020 | 2000 House Hold Survey | 110 | 220000 |
| യു.എൽ സി.54/10-09-2020 | 1000 House Hold Survey | 110 | 110000 |
| യു.എൽ സി.63/24-09-2020 | 1000 House Hold Survey | 110 | 110000 |
| ആകെ | | | 2163100+18%GST |

സർവ്വേ നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിന്റെ നിലവിലെ പുരോഗതി, ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 04.10.2018 തീയതിയിലെ സ.ഉ (സാധാ)നമ്പർ 2556/2018 നമ്പർ ഉത്തരവിൽ ജി.ഐ.എസ് മാപ്പിംഗിന് ഐ.കെ.എം.സൂപ്പർവൈസ് ചെയ്യേണ്ടതാണെന്നും ഐ.കെ.എം. ഡവലപ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിൽ വേണം ജി.ഐ.എസ് മാപ്പിംഗ് നടത്താൻ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമാണോ പദ്ധതി നടപ്പിലാക്കിയതെന്നതിന്റെ വിവരവും പദ്ധതി നിർവ്വഹണത്തിന്റെ നിലവിലെ പുരോഗതിയും ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/22-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിന്റെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഐ.കെ.എമ്മിന് തുക നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 03/21, ഐ.കെ.എം. ന് തുക നൽകൽ |
| അടങ്കൽ | ₹1,02,635 വികസന ഫണ്ട്,ജനറൽ |
| ചെലവ് | ₹1,02,635 |
| ബിൽ നമ്പർ/തീയതി | 2022452011200179250/20-05-2020 |

ഐ.കെ.എം.ന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനായി ഐ.കെ.എം. ഡയറക്ടർക്ക് നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22/20-10-2021) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ

മറുപടിയിൽ 2020-21 വർഷത്തെ ധനവിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം.ൽ തയ്യാറാക്കി വരുന്നതേയുള്ളൂ എന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം യഥാസമയം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 കുടുബക്ഷേമ ഉപകേന്ദ്രം കമ്പ്യൂട്ടർ ,പ്രിന്റർ, നെറ്റ് സെറ്റർ എന്നിവ വാങ്ങൽ- 6014 രൂപ അധികമായി നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി |
| പ്രോജക്ട് നം. / പേര് | 21/2021, കുടുബക്ഷേമ ഉപകേന്ദ്രം കമ്പ്യൂട്ടർ ,പ്രിന്റർ, നെറ്റ് സെറ്റർ എന്നിവ വാങ്ങൽ |
| അടങ്കൽ | ₹200000 (മെയ് ന്റനൻസ് ഗ്രാന്റ്,നോൺ റോഡ്) |
| ചെലവ് | ₹1,56,400 |
| ബിൽ നമ്പർ / തീയതി | 20220452008801179101/03-03-2021 |

31280/- രൂപയ്ക്ക് 5 ഡെസ്ക് ടോപ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് കെൽട്രോണിന് മുൻകൂർ നൽകുന്നതിനാണ് 156400/- രൂപ ചെലവഴിച്ചത്. എന്നാൽ ഇൻവോയ്സ് (നം.210215731/9-08-2021) പ്രകാരം 1,50,385.10/- രൂപയുടെ കമ്പ്യൂട്ടറാണ് ലഭ്യമായിട്ടുള്ളത്. 6014/- രൂപ അധികമായി നൽകിയതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/18-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കെൽട്രോണിന് അധികമായി നൽകിയ 6014/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 സാന്ത്വന പരിചരണം - മുഴുവൻ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി |
| പ്രോജക്ട് നം. / പേര് | 33/2021, സാന്ത്വന പരിചരണം |
| അടങ്കൽ | ₹6,31,792 – വികസന ഫണ്ട് (ജനറൽ) |
| | ₹1,50,000 (ബ്ലോക്ക് പഞ്ചായത്ത്) |
| | ₹1,00,000 (ജില്ലാ പഞ്ചായത്ത്) |
| | ₹8,81,792 |
| ചെലവ് | ₹5,58,636 (വികസന ഫണ്ട്-ജനറൽ) |
| | ₹1,03,016 (ബ്ലോക്ക് പഞ്ചായത്ത്) |
| | ₹99,510 (ജില്ലാ പഞ്ചായത്ത്) |
| ആകെ | ₹7,61,162 |

മേൽ കൊടുത്ത ചെലവിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മരുന്ന് ലഭ്യമാക്കുന്നതിനായി 99510/- രൂപ നൽകിയിരുന്നു. എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകളില്ല.വിശദ വിവരം വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പിൻവലിച്ച തുക | ബിൽനമ്പർ/ തീയതി | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയ തുക |
|---|---|---|---|
| 1 | ₹99,510 | 19220452008801393422/ 23-02-2021 | ₹99,510 (പി.ആർ.എഫ്.5697/ 23-02-2021പ്രകാരം) |

ഇതുമായി ബന്ധപ്പെട്ട രേഖകൾ /രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/18-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-24 ആട്ട വളർത്തൽ ,മിനി ഫാം- അപാകങ്ങൾ -₹25000 തടസ്സപ്പെടുത്തുന്നു.**

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി ഡോക്ടർ

പ്രോജക്ടിന്റെ നമ്പറും പേരും : 241/21,ആട്ട വളർത്തൽ ,മിനി ഫാം

അടങ്കൽ : ₹100000(വികസനഫണ്ട് )

:₹ 100000(ഗുണഭോക്തൃ വിഹിതം)

ആകെ :₹ 200000

ചെലവ് :₹ 25000ബിൽ റഫറൻസ് നം/തീയതി, 20220452009301402868/29-3-21

ആട്ടകളെ വിതരണം നടത്തി ആട് ഫാം സ്ഥാപിച്ച് മാംസോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ 5000/- രൂപ വിലയുള്ള 5 പെൺ ആട്ടകളെയും ഒരു മുട്ടനാടിനെയും വാങ്ങണമെന്നും ആടിന് തൊഴുത്ത്, ഭക്ഷണം, മരുന്ന്, ആടിനെ ഇൻഷ്വർ ചെയ്യുന്നതിനുള്ള ചെലവ് എന്നിവ ഗുണഭോക്താക്കൾ വഹിക്കേണ്ടതാണെന്നും അപ്രകാരം മൊത്തം ചെലവ് 50000/- രൂപ കണക്കാക്കി 50% സബ്സിഡി അനുവദിക്കുന്നതിനാണ് പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളത്. ആയത് പ്രകാരം തിരഞ്ഞെടുക്കപ്പെട്ട നാല് ഗുണഭോക്താക്കളിൽ ഒരാൾക്ക് തൻവർഷം 25000/- രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ആട്ടകളെ ആരിൽ നിന്നാണ് വാങ്ങിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല

2. ആട്ടകളെ വാങ്ങുന്നതിന് എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല

3.മേൽ സൂചിപ്പിച്ച സബ്സിഡി മാർഗരേഖ പ്രകാരം ഉരുക്കളെ വാങ്ങുന്ന സംഗതികളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, വെറ്ററിനറി ഡോക്ടർ, ഗുണഭോക്താക്കൾ എന്നിവരടങ്ങിയ പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പർച്ചേസിംഗ് കമ്മിറ്റിയാണ് ഉരുക്കളെ വാങ്ങേണ്ടതെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ പർച്ചേസിംഗ് കമ്മിറ്റി മിനുട്സ് പ്രകാരം ഓരോ ഗുണഭോക്താക്കളും നേരിട്ട് വാങ്ങുന്നതിനാണ് തീരുമാനം എടുത്തിട്ടുള്ളത്.

4. പ്രൊജക്ടിന്റെ ഭാഗമായി വാങ്ങിയ ഉരുക്കളുടെ ഗുണമേന്മ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

5.ഉരുക്കളെ ആരുടെ പക്കലിൽ നിന്നാണ് വാങ്ങുന്നത് അവരുടെ അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടത്. എന്നാൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് തുക അനുവദിച്ചിട്ടുള്ളത്.

മേൽ അപാകങ്ങൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29തീയതി 22-10-21) മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചിട്ടുള്ളതിനാൽ ചെലവ് തുകയായ 25000/- രൂപ തടസ്സപ്പെടുത്തുന്നു.

**1-25 കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.**

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി ഡോക്ടർ

1-പ്രോജക്ടിന്റെ നമ്പറും പേരും : 149/21 ,കന്നുകുട്ടി പരിപാലനം

അടങ്കൽ : ₹175000(വികസനഫണ്ട് )

: ₹175000 (ഗുണഭോക്തൃ വിഹിതം)

ആകെ : ₹350000

ചെലവ് : ₹175000ബിൽ റഫറൻസ് നം/തീയതി, 19222045200901149703/21-4-20

2-പ്രോജക്ടിന്റെ നമ്പറും പേരും : 37/21 ,കന്നുകുട്ടി പരിപാലനം

അടങ്കൽ : ₹612500(വികസനഫണ്ട് )

: ₹612500 (ഗുണഭോക്തൃ വിഹിതം)

ആകെ : ₹1225000

ചെലവ് :₹ 612500ബിൽ റഫറൻസ് നം/തീയതി, 20220452009301431986/30-3-21

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 149/21 നമ്പർ പദ്ധതി പ്രകാരം 175000/- രൂപയും 37/21 നമ്പർ പദ്ധതി പ്രകാരം 612500/- രൂപയും എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട് . പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

**1-26 പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ - 90924/- രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

| | |
|---|---|
| പ്രോജക്ട് നം. / പേര് | 15/2021, പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹50,800( ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | ₹4,00,100<br>(മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്) |
| | ₹4,50,900 |
| ചെലവ് | ₹50,800( ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | ₹4,00,000<br>(മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്) |
| ആകെ | ₹4,50,800 |

മേൽ കൊടുത്ത ചെലവിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയ 450800/- രൂപയിൽ 90,924/- രൂപയുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പിൻ വലിച്ച തുക | ബിൽ നമ്പർ/ തീയതി | മരുന്ന് ലഭിക്കാൻ അവശേഷിക്കുന്ന തുക | പ്രൊഫോർമ/ ഇൻവോയ്സ് നം./തീയതി |
|---|---|---|---|---|
| 1 | 5183 | 20220452008801204600/08.03.2021 | -- | -- |
| 2 | 184608 | 20220452008800256683/15.06.2020 | 12055 | PRF 975/ 12.06.2020 |
| 3 | 121502 | 20220452008800415651/12.08.2020 | 17248 | PRF 1726/ 05.08.2020 |
| 4 | 93890 | 20220452008800843710/21.12.2020 | 16004 | PRF 3911/ 15.12.2020 |
| 5 | 45617 | 20220452008801136304/24.02.2021 | 45617 | PRF 5273/ 24.02.2021 |
| ആകെ | 450800 | ആകെ | 90924 | |

ഇത് സംബന്ധിച്ച് രേഖകൾ/രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/18-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ മരുന്നുകളും ലഭ്യമായതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 ഹരിത കർമസേനാംഗങ്ങൾക്ക് ഹോണറേറിയം നൽകൽ- അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ :വി ഇ ഒ ,മാങ്ങാട്ടിടം സർക്കിൾ

പ്രോജക്ടിന്റെ നമ്പറും പേരും : 245/21-വിജിഎഫ് ഹരിത കർമസേനാംഗങ്ങൾക്ക് ഹോണറേറിയം നൽകൽ

അടങ്കൽ : ₹220400(തനത് ഫണ്ട്)

: ₹1000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ആകെ : ₹221400

ചെലവ് :₹ 220400 ചെക്ക് നം, തീയതി 626427/22-3-21

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്തിലെ പത്തൊൻപത് വാർഡുകളിലായുള്ള ഹരിതകർമസേനാംഗങ്ങൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടായി 220400/- രൂപ നൽകിയിട്ടുണ്ട്. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക ,പാഴ് വസ്തുക്കൾ വിറ്റുകിട്ടുന്ന തുക , മറ്റിനങ്ങളുമായി ചേർത്ത് ഹരിത കർമസേനയ്ക്ക് ലഭിക്കേണ്ട പ്രതീക്ഷിത വരുമാനവും പ്രതിമാസം ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവ് വരുന്ന തുകയാണ് വയബിലിറ്റി ഗ്യാപ് ഫണ്ടായി അനുവദിക്കേണ്ടത്. ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ 220400/- രൂപ അക്കൗണ്ടിലേക്ക് കൈമാറിയതിന്റെ ബില്ലും തുക കൈപ്പറ്റിയതിന്റെ രസീത്,ബാങ്ക് പാസ് ബുക്ക് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഹരിത കർമസേനയ്ക്ക് നിശ്ചയിച്ച പ്രതിമാസ വേതനം സംബന്ധിച്ച വിവരങ്ങൾ ,ഹരിത കർമ്മ സേനയുടെ കമ്മിറ്റി മിനിട്സ്, ഓരോ വാർഡിൽ നിന്നും പിരിച്ചെടുത്ത യൂസർ ഫീ സംബന്ധിച്ച വിവരങ്ങൾ, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വയബിലിറ്റി ഗ്യാപ് ഫണ്ട് കണക്കാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല.ആയത് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 6 തീയതി 16-10-21) ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക മാത്രമാണ് കൈമാറിയതെന്നും ഹരിത കർമസേന കൺസോഷ്യം

രൂപീകരിച്ച കഴിഞ്ഞാൽ യൂസർ ഫീയുടെയും ഹരിത കർമസേനയുടെ മറ്റ് പ്രവർത്തനങ്ങളുടെയും ചുമതല കൺസോർഷ്യത്തിനുമാണെന്നും അറിയിച്ചിട്ടുണ്ട്. വയബിലിറ്റി ഗ്യാപ് ഫണ്ട് കണക്കാക്കിയതിന്റെ രേഖകളോ എൻക്വയറി പ്രകാരം ആവശ്യപ്പെട്ട മറ്റ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.പ്രതിമാസ വേതനം, യൂസർഫീ ആയി ശേഖരിച്ച തുക എന്നിവ കണക്കിലെടുക്കാതെ ഗ്യാപ് ഫണ്ട് അനുവദിച്ചത് ഉചിതമായ നടപടിയല്ല. ഭാവിയിൽ ഇപ്രകാരമുള്ള പദ്ധതി നടപ്പാക്കുമ്പോൾ ഹരിത കർമസേനയ്ക്ക് മേൽ സൂചിപ്പിച്ച എല്ലാ സ്രോതസ്സിൽ നിന്നുമുള്ള വരുമാനം കണക്കിലെടുത്ത് തികയാത്ത തുക കൃത്യമായി കണക്കാക്കേണ്ടതാണ്.

## 1-28 പട്ടികവർഗ കുടുംബങ്ങൾക്ക് സൗരറാന്തൽ വാങ്ങി നൽകൽ-മാർഗരേഖ നിർദ്ദേശം പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ നമ്പറും പേരും : 35/21,പട്ടികവർഗ കുടുംബങ്ങൾക്ക് സൗരറാന്തൽ വാങ്ങി നൽകൽ

അടങ്കൽ : ₹17500 (വികസനഫണ്ട് ടി എസ് പി)

ചെലവ് : ₹17500 ബിൽ റഫറൻസ് നം/തീയതി, 20220452009114500/19-2-21

മേൽ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട 5 കുടുംബങ്ങൾക്ക് സൗരറാന്തൽ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 3500/- രൂപയ്ക്ക് 5 സൗരറാന്തൽ വാങ്ങി ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്. 14.02.2018 സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ ഖണ്ഡിക 5-5 പ്രകാരം വൈദ്യുതി എത്താത്ത പ്രദേശങ്ങളിലെ എസ്,സി, എസ് ടി വിഭാഗത്തിലെ വീടുകൾക്കാണ് സൗരറാന്തൽ വാങ്ങി നൽകാവുന്നത്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടുള്ള റേഷൻ കാർഡിന്റെ പകർപ്പ് പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച 5 ഗുണഭോക്താക്കളുടെയും വീട് വൈദ്യുതീകരിച്ചതാണെന്ന് രേഖപ്പെടുത്തി കാണുന്നു. മാർഗരേഖയിലെ നിബന്ധനകൾ പാലിക്കാതെ തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നറിയിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2 തീയതി 16-10-21)ലഭ്യമാക്കിയ മറുപടിയിൽ പട്ടികവർഗ വിഭാഗത്തിൽ പെട്ട സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിയതാണെന്ന് അറിയിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് മാത്രമേ സൗരറാന്തൽ വിതരണം ചെയ്യാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ മേൽ മാനദണ്ഡം പാലിക്കാതിരുന്നത് ശരിയായ നടപടിയല്ല. പദ്ധതി നിർവ്വഹണം ചെയ്യുമ്പോൾ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ-പണമായി ആനുകൂല്യം അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ നമ്പറും പേരും : 34/21,പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ

അടങ്കൽ : ₹7500(വികസനഫണ്ട് ടി എസ് പി)

ചെലവ് :₹ 7500 ബിൽ റഫറൻസ് നം/തീയതി, 2022452009101277419/18-3-21

പട്ടിക വർഗ വിഭാഗത്തിൽ പെട്ട 3 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഓഡിറ്റിനു ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ പ്രകാരം പഠനോപകരണങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി വിതരണം ചെയ്യേണ്ടതിനു പകരം 2500/- രൂപ വീതം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നേരിട്ട് നൽകിയതായി കാണുന്നു. 14.02.2018 സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)നമ്പർ 22/2018/തസ്വഭവ ഖണ്ഡിക 5-7 പ്രകാരം പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളവയ്ക്ക് ഒഴികെ പണമായി സഹായം നൽകാൻ പാടില്ലാത്തതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാർഗരേഖയിലെ നിബന്ധനകൾ പാലിക്കാതെ തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നറിയിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3 തീയതി 16-10-21) ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങൾ വാങ്ങി നൽകുമ്പോൾ വിദ്യാർത്ഥികൾക്ക് അവരുടെ ഇഷ്ടത്തിനും അളവിനുമനുസരിച്ചുള്ള സാധനങ്ങൾ ലഭിക്കാതെ വരുന്നതു കൊണ്ടാണ് സാധനങ്ങൾ വാങ്ങി ബില്ല് ഹാജരാക്കിയപ്പോൾ തുക കൈമാറിയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച മാർഗ്ഗരേഖ പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക്, ബാഗ്, ചെരുപ്പ് , കുട, നോട്ടു ബുക്കുകൾ എന്നിവ വാങ്ങി നൽകുന്നതിനാണ് അനുവാദമുള്ളത്. പണമായി തുക നൽകിയത് ശരിയായ നടപടിയല്ല. പദ്ധതി നടപ്പാക്കുമ്പോൾ മാർഗരേഖ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 വെള്ളക്കരം അടവാക്കുന്നത്- സംയുക്ത പരിശോധനാ റിപ്പോർട്ടില്ല

പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 66 ടാപ്പിന്റെ ചാർജായ 28,875/- രൂപ പ്രതിമാസം വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നുണ്ട്. ഇപ്രകാരം 2020-21 സാമ്പത്തിക വർഷം 3,46,500/- രൂപ ചെലവുണ്ട്. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ

റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/22-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി സംയുംക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമേ തുക അടവാക്കുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 എസ്.എസ്.എൽ.സി ,പ്ലസ് വൺ തുല്യതാ കോഴ്സ് ഫീ -കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ/ പേര് | 39/21, എസ്.എസ്.എൽ.സി ,പ്ലസ് വൺ തുല്യതാ കോഴ്സ് ഫീ അടവാക്കൽ |
| അടങ്കൽ | ₹39500 (വികസന ഫണ്ട്,ജനറൽ) |
| ചെലവ് | ₹35100 |
| ബിൽ നമ്പർ / തീയതി | 20220452009201314041/22-03-2021 |

പത്താം തരത്തിൽ 10 പഠിതാക്കളുടെ കോഴ്സ് ഫീസ് 17500/- രൂപ, പ്ലസ് വൺ ന് 8 പഠിതാക്കളുടെ കോഴ്സ് ഫീ 17600/- രൂപ എന്നിങ്ങനെ സംസ്ഥാന സാക്ഷരതാ മിഷന് നൽകുന്നതിനാണ് തുക ചെലവഴിച്ചത്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രേഖ, പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/18-10-2021) 2020-21 വർഷത്തെ പഠിതാക്കൾക്കുള്ള കോഴ്സ് കോവിഡിന്റെ പശ്ചാത്തലത്തിൽ നടന്ന് വരുന്നതേയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-32 ആയുർവേദ ഡിസ്പെൻസറി ക്യാഷ് നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ ബോർഡുകൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ - ₹99,900 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രോജക്ട് നമ്പർ/പേര് | 238/21, ആയുർവേദ ഡിസ്പെൻസറി ക്യാഷ് നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ ബോർഡുകൾ |
| അടങ്കൽ | ₹99,900 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | ₹99,900 |
| ബിൽ നമ്പർ/തീയതി | 20220452009401324472/23-03-2021 |

ആയുർവേദ ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി (ക്യാഷ് നിലവാരം - കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹെൽത്ത് കെയർ) അത്യാവശ്യം സ്ഥാപിക്കേണ്ട ദിശാ സൂചികകൾ, രോഗികൾക്കും കൂടെ വരുന്നവർക്കുമുള്ള നിർദ്ദേശങ്ങൾ എന്നിവ അടങ്ങുന്ന ബോർഡുകൾ സ്ഥാപിക്കലാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നടത്തിപ്പിനായി മുദ്ര അഡ്വർടൈസേഴ്സ്, മമ്പറം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 15.02.2021 തീയതിയിലെ 02.07.2021 (5) തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടത്തിപ്പുമായി താഴെ പറയുന്ന അപാകതകളുണ്ട്.

1. സ.ഉ.(പി)259/2010/തസ്വഭവ/08.11.2010 പ്രകാരം ഗ്രാമപഞ്ചായത്തുകൾ ₹25000ൽ അധികം വരുന്ന സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ലിമിറ്റഡ് ടെണ്ടർ മുഖേന നടത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചിട്ടില്ല.

2.സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല.

3.ഇൻകം ടാക്സ് നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം കരാറുകാരനിൽ നിന്ന് ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല

4. ജി.എസ്.ടി. ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

5. നെയിം ബോർഡ് 1 എണ്ണം, ദിശാ ബോർഡ് 1 എണ്ണം,സെക്ഷൻ ബോർഡ് 20 എണ്ണം, സൈൻ ബോർഡ് 15 എണ്ണം എന്നിങ്ങനെയാണ് മുദ്ര അഡ്വർടൈസേഴ്സ് ഹാജരാക്കിയ ബില്ലിൽ (ബിൽ നമ്പർ 417/ തീയതി രേഖപ്പെടുത്തിയിട്ടില്ല) രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ബോർഡുകൾ എവിടെയൊക്കെ സ്ഥാപിച്ചുവെന്ന് വ്യക്തമല്ല.

6. ബോർഡുകൾ കൃത്യമായി സ്ഥാപിച്ചുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. പർച്ചേസിംഗ് കമ്മിറ്റി തീരുമാനമില്ല.

അപാകതകൾ അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/22-10-2021) മാർച്ച് മാസത്തിൽ പുതിയ പർച്ചേസിംഗ് കമ്മിറ്റി നിലവിൽ ഇല്ലാതിരുന്നത് കൊണ്ട് പ്രൊജക്ട് പ്രകാരമുള്ള വാങ്ങലിന് പർച്ചേസിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിട്ടുണ്ട്. മുകളിൽ പറഞ്ഞ അപാകതകൾ കാരണം ഇതിനായി ചെലവഴിച്ച ₹99,900 തടസ്സപ്പെടുത്തുന്നു.

## 1-33 കാലതാമസത്തിനു ഫൈൻ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല.

1. പ്രോജക്ട് - 185/2021 കൈതേരി 12-ാം മൈൽ മാക്കുറ്റി നാണു വീട് -കീരാലി റോഡ് ടാറിങ്ങ്

അടങ്കൽ : ₹766600 (മെയിന്റനൻസ് ഫണ്ട് റോഡ് )

ചെലവ് : ബിൽ റഫറൻസ് നം. - 202204520102000448013 /19.8.2020 –₹763100

പി.എ.സി : ₹684383

കരാർ നമ്പർ/തീയ്യതി : AE/Lsgd/MGP/47/19-20 Dated 24.02.2020

എം.ബുക്ക് നമ്പർ : 47/19-20

കരാറുകാരൻ : ശ്രീ.സുരേന്ദ്രബാബു . സി

പൂർത്തീകരിക്കേണ്ടിയിരുന്ന തീയ്യതി : 24.4.2020

പൂർത്തീകരിച്ച തീയ്യതി : 8.6.2020 :
പൂർത്തീകരണ സമയം : 60 ദിവസം
കാലതാമസം : 45 ദിവസം

2. പ്രോജക്ട് - 198/2021 - ദേശബന്ധു വയോജന വിശ്രമകേന്ദ്രം

അടങ്കൽ : ₹275000 (മെയിന്റനൻസ് ഫണ്ട് നോൺ - റോഡ് )

ചെലവ് : ₹232574 (ബിൽ ബുക്കോ ചെലവിന്റെ വിദാംശങ്ങളോ ലഭ്യമാക്കിയിട്ടില്ല)

പി.എ.സി : ₹243261

കരാർ നമ്പർ/തീയ്യതി : AE/Lsgd/MGP/15 Dated .29.11.2019

എം.ബുക്ക് നമ്പർ : 15/20

കരാറുകാരൻ : ശ്രീ.പി.പി.രാജൻ

പൂർത്തീകരിക്കേണ്ടിയിരുന്ന തീയ്യതി : 27.4.2020

പൂർത്തീകരിച്ച തീയ്യതി : 24.7.2020 :
പൂർത്തീകരണ സമയം :27.4.2020നകം
കാലതാമസം : 89 ദിവസം

3. പ്രോജക്ട് - 192/21 സ്കൂൾ റോഡ് -രാഗേഷ് കട മുതൽ നച്ചിൽ പത്മനാഭന്റെ വീട് വരെ റോഡ് ടാറിങ്ങ്

അടങ്കൽ : ₹ 771000 (മെയിന്റനൻസ് ഫണ്ട് റോഡ് )

ചെലവ് : ₹ 715853 (ബിൽ ബുക്കോ ചെലവിന്റെ വിദാംശങ്ങളോ ലഭ്യമാക്കിയിട്ടില്ല)

പി.എ.സി : ₹688276

കരാർ നമ്പർ/തീയ്യതി : AE/Lsgd/MGP/29/19-20 Dated 29.11.2019

എം.ബുക്ക് നമ്പർ : 19/20

കരാറുകാരൻ : ശ്രീ.മാൽകോസ്

| | |
|---|---|
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയ്യതി | :27.4.2020 |
| പൂർത്തീകരിച്ച തീയ്യതി | :23.10.2020 : |
| പൂർത്തീകരണ സമയം | : 27.04.2020 നകം |
| കാലതാമസം | : 186 ദിവസം |

കരാറുകാരന്റെ അപേക്ഷ, പഞ്ചായത്ത് തീരുമാനം എന്നിവ ഇല്ലാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഈ കരാറുകാരിൽ നിന്ന് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 08.08.2018ലെ സർക്കുലർ നം.എ.സി.2/223/2015/തസ്വഭവ പ്രകാരം പിഴ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 മോണിറ്ററിങ്ങ് ഫലപ്രദമല്ല

പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിങ്ങ് നടത്തുകയെന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിങ് കമ്മിറ്റി ആയി പ്രവർത്തിക്കേണ്ടതാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. മോണിറ്ററിങ്ങ് കമ്മിറ്റികൾ യോഗം ചേർന്ന് റിപ്പോർട്ട് തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടതുണ്ട്. നിർവഹണം പൂർത്തിയാകുന്ന ഘട്ടത്തിൽ തന്നെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്. പദ്ധതിയുടെ ലക്ഷ്യങ്ങളും നേട്ടങ്ങളും പൂർത്തീകരണ പത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ പ്രോജക്ടുകളോടൊപ്പം പ്രവൃത്തിയുടെ പൂർത്തീകരണ പത്രികയോ മോണിറ്ററിങ്ങ് കമ്മറ്റിയുടെ റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല.
പ്രോജക്ടുകളുടെ കൃത്യമായ നിർവഹണം നടക്കുന്നുവെന്നുറപ്പ് വരുത്താൻ കൃത്യമായ മോണിറ്ററിങ്ങ് അനിവാര്യമാണ്. എല്ലാ പ്രോജക്ടുകളുടെയും അനുബന്ധമായി മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.

## 1-35 അസി.എഞ്ചിനീയർ-പദ്ധതി നിർവഹണത്തിലെ പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകളുടെ സൂക്ഷിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ പൊതുവായി കാണുന്നു.

1- ഫയലുകളിൽ പ്രോജക്ട് ഉൾപ്പെടുത്തുന്നില്ല.

2- എസ്റ്റിമേറ്റ് റിപ്പോർട്ടില്ല.

3- സെലക്ഷൻ നോട്ടീസ് എല്ലാ ഫയലിലും ഉൾപ്പെടുത്തിക്കാണുന്നില്ല. ഇത് കാരണം സമയബന്ധിതമായി കരാർ സമർപ്പിച്ചിരുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല

4- പ്രവൃത്തി പൂർത്തീകരണ തീയതി കരാറിൽ രേഖപ്പെടുത്താത്ത കരാറുകളും ഉണ്ടായിട്ടുള്ളതായി കാണുന്നു. ഇത് കാരണം അത്തരം കേസുകളിൽ സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിച്ചിരുന്നോയെന്നും, പൂർത്തീകരിക്കാത്തവയ്ക്ക് നിയമാനുസൃത പിഴ ഈടാക്കിയോ എന്നും പരിശോധിക്കാൻ സാധിക്കുന്നില്ല.

5- ക്യാഷ് ബുക്കിൽ ബിൽ മാറിയ, തീയതി, ബിൽ നമ്പർ, തുക കൊടുത്ത തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല.

6- പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7- എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8-മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

9- മോണിറ്ററിംഗ് റിപ്പോർട്ട് ഒരു മരാമത്ത് ഫയലിലും ഇല്ല. ഇത് കാരണം പദ്ധതിയുടെ ഫലദായകത്വം ശരിയായി വിലയിരുത്താൻ സാധിച്ചിട്ടില്ല.

രേഖകളുടെ സൂക്ഷിപ്പിലുള്ള മേൽ സൂചിപ്പിച്ച അപാകങ്ങൾ പൊതുമരാമത്ത് പ്രവർത്തികളുടെ കാര്യക്ഷമവും സമയബന്ധിതമായുമുള്ള നടത്തിപ്പിന് പ്രയാസമുണ്ടാക്കുന്നതാണ്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ഇതിനാൽ സാധിക്കാതെ വരുന്നുണ്ട്. ഇക്കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-36 ഇ-ടെണ്ടർ ഫീ ഈടാക്കിയിട്ടില്ല

2020-21 വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഒട്ടേറെ പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇ-ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ആണ് ഒടുക്ക് വരുത്തുന്നത്. ഗ്രാമപഞ്ചായത്തിന് അർഹമായ ടെണ്ടർ ഫീ തിരികെ ലഭ്യമായിട്ടില്ല. 2019-20 വരെയുള്ള വർഷങ്ങളിലെ ടെണ്ടർ ഫീ തുകയായ 599233/- ഈടാക്കുന്നതിന് 29.10.2020 ന് കത്ത് നൽകിയതായി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതോടൊപ്പം 2020-21 വർഷത്തേക്കുള്ള തുകയും ഈടാക്കേണ്ടതുണ്ട്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ഗ്രാമപഞ്ചായത്തിന് അർഹമായ ടെണ്ടർ ഫീ ഇനത്തിലുള്ള തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനായി അക്കൗണ്ടുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|
| 2020-21 | 18.10.2021 | നം.കെ.എസ്.എ./കെ.എൻ.ആർ./ സി8/1223/2021.<br>തീയതി: 07.12.2021. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ

| സ്ഥാപനം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 255000 | 255000 | 0 |
| | ശിശുമിത്ര ബഡ്സ് സ്കൂൾ സമഗ്രപരിപാടി | 567465 | 567465 | 0 |
| | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് | 170000 | 170000 | |
| | ആയിത്തറ മിന്നി പീടിക റോഡ് സൈഡ് കെട്ടൽ | 774000 | 774000 | 0 |
| | പാലിന് ഇൻസെന്റീവ് | 567292 | 567292 | 0 |
| | സാന്ത്വന പരിചരണം | 103016 | 103016 | |
| | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 69645 | 69645 | |
| | ആശ്രയ - ലൈഫ് ഭവന നിർമാണം | 120000 | 120000 | |
| ആകെ | | 2626418 | 2626418 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | കാർഷികസ്വയം പര്യാപ്ത ഗ്രാമം | 80000 | 80000 | 0 |
| | കാർഷിക സ്വയംപര്യാപ്ത ഗ്രാമം-ഇഞ്ചി കൃഷി | 120000 | 120000 | |
| | കാർഷിക സ്വയംപര്യാപ്ത ഗ്രാമം-വാഴകൃഷി | 105000 | 105000 | 0 |
| | കരനെൽകൃഷി വ്യാപനം | 102000 | 102000 | |
| | പച്ചക്കറി കൃഷി വ്യാപനം | 187500 | 187500 | |
| | ആശ്രയ-ലൈഫ് ഭവന നിർമാണം | 75000 | 75000 | |

| | | | | |
|---|---|---|---|---|
| | ലൈഫ് ഭവന പദ്ധതി ഫേസ്-2സ്ഥലം വാങ്ങലും വീട്ടു നിർമാണവും | 80000 | 80000 | |
| | പാലുല്പാദന ബോണസ് | 300000 | 300000 | |
| | സാന്ത്വന പരിചരണം | 99510 | 99510 | |
| | ആകെ | 1149010 | 1149010 | |

തൻവർഷം ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിവരങ്ങൾ

2020-21 ൽ നിക്ഷേപ പ്രവൃത്തികൾക്കായി താഴെ പറയുന്ന തുകകൾ നിക്ഷേപിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് നം. 117/21 കുടിവെള്ള കണക്ഷന് വേണ്ടി പൈപ്പ് ലൈൻ സ്ഥാപിക്കൽ | 202204520112080138/ 03-03-2021 | 2090000 | | 2090000 |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് നം. 144/21 കുടിവെള്ള കണക്ഷന് വേണ്ടി പൈപ്പ് ലൈൻ സ്ഥാപിക്കൽ ശങ്കരനെല്ലൂർ മെട്ട റോഡ് മുതൽ കുഞ്ഞൂട്ടി പീടിക വരെ | 2022045201120015584/ 11-04-2020 | 180000 | | 180000 |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് നം. 247/21 കുടിവെള്ള കണക്ഷന് വേണ്ടി മാങ്ങാട്ടിടം പഞ്ചായത്തിലെ വിവിധങ്ങളായ പ്രദേശങ്ങളിൽ സ്ഥാപിച്ച പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 20220452011201198621/ 06-03-2021 | 274000 | | 274000 |
| | | 20220452011201282464/ 18-03-2021 | 666000 | | 666000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| | |
|---|---|
| വർഷം | 2020-21 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| | |

| | |
|---|---|
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ**

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷനിലെ ഷെയർ തീയതി 15.05.2004. | 20000 |

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഈ ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-9 | | | വീട്ട് വാടക ബത്ത ഉയർന്ന നിരക്കിൽ അനുവദനീയമല്ല | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

തൻ വർഷം ഈയിനത്തിൽ വരവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹103860355 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹95286457 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ..ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹170647 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-സർചാർജ്ജ് ചെയ്യാവുന്നവ**

**ഇല്ല**

**(ബി-1) ഗ്രാമപഞ്ചായത്ത് തല നടപടികളിലൂടെ ഈടാക്കേണ്ട തുകയുടെ വിവരങ്ങൾ**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 46647 | ഡോ.ഫറൂക്ക്.ടി.എം, മെഡിക്കൽ ഓഫീസർ |
| 1-24 | 25000 | ശ്രീമതി.ഷൈമജ ഉത്തമൻ, വെറ്റിനറി സർജൻ |
| | | |

| | | |
|---|---|---|
| 1-32 | 99000 | ശ്രീമതി.ജഷി ദിനകരൻ, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| ആകെ | 170647 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷൈമജ ഉത്തമൻ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് | സൂര്യതേജസ്, നിയർ പാലേരി സ്റ്റോർ,കല്ലിയിൽ കടവ് റോഡ്, അണ്ടലൂർ |
| ഡോ.ഫറൂക്ക്.ടി.എം, മെഡിക്കൽ ഓഫീസർ | ഡോ.ഫറൂക്ക്.ടി.എം, മെഡിക്കൽ ഓഫീസർ, മാങ്ങാട്ടിടം | റഹ്മത്ത് ഹൗസ്, മോങ്ങ, മലപ്പുറം. |
| ശ്രീമതി.ജഷിദിനകരൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ (ആയുർവേദം), മാങ്ങാട്ടിടം | കനവ്, താഴെ ചൊവ്വ,കണ്ണൂർ |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ./കെ.എൻ.ആർ./സി18/890/19 തീ.17.07.2019 | 4 |
| 1999-00 | കെ.എസ്.എ./കെ.എൻ.ആർ./സി18/890/19 തീ.17.07.2019 | 6 |
| 2002-03 | കെ.എസ്.എ./കെ.എൻ.ആർ./സി18/890/19 തീ.17.07.2019 | 1 |
| 2006-07 | കെ.എസ്.എ./കെ.എൻ.ആർ./സി18/890/19 തീ.17.07.2019 | 3 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ./സി18/890/19 തീ.17.07.2019 | 3 |
| 2008-09 | കെ.എസ്.എ./കെ.എൻ.ആർ./സി18/890/19 തീ.17.07.2019 | 5 |
| 2009-10, 2010-11, 2011-12 | കെ.എസ്.എ./കെ.എൻ.ആർ./സി18/890/19 തീ.17.07.2019 | 8 |
| 2012-13 | കെ.എസ്.എ./കെ.എൻ.ആർ./സി18/890/19 തീ.17.07.2019 | 1 |
| 2013-14 2014-15 | കെ.എസ്.എ./കെ.എൻ.ആർ./സി18/890/19 തീ.17.07.2019 | 3 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ./സി18/890/19 തീ.17.07.2019 | 8 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ./കെ.എൻ.ആർ./സി8/890/19 തീ.17.07.2019 | 2 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./സി8/2046/18 തീ.16.01.2019 | 22 |
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ./സി 8/316/20 തീ.15.6.2020 | 27 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./സി8/1222/21 തീ.03.12.2021. | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## RECEIPT & PAYMENT STATEMENT

| Mangattidam Grama Panchayat<br>RECEIPT & PAYMENT STATEMENT<br>For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 36446584.00 |
| Cash | Cash | RP-40(a) | 21103.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 906590.00 |
| 130000000 | Rental income from Panchayat Properties | RP-3 | 38795.00 |
| 140000000 | Fees & User Charges | RP-4 | 1715210.00 |
| 150000000 | Sale & Hire Charges | RP-5 | 46623.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 78018185.00 |
| 171000000 | Interest Earned | RP-9 | 886192.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 15932063.00 |
| 350000000 | Other Liabilities | RP-36 | 135800.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 9680.00 |
| 311000000 | Earmarked Funds | RP-29 | 7101.00 |
| 340000000 | Deposits Received | RP-34 | 521912.00 |
| 350000000 | Other Liabilities | RP-36 | 459116.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5075158.00 |
| 460000000 | Loans, Advances and Deposits | RP-47 | 107930.00 |
| | **Grand total** | | **140328042.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3035902.00 |
| 220000000 | Administrative Expenses | RP-12 | 953722.00 |
| 230000000 | Operations & Maintenance | RP-13 | 1509196.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9472555.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 19426162.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3571302.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1702449.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 864720.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 9375262.00 |
| 260000000 | Grants, Contributions and Compensations | RP-22 | 126562.00 |

| | | | |
|---|---|---|---|
| | from Own Fund | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1242256.00 |
| 350000000 | Other Liabilities | RP-36 | 6813255.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 696.00 |
| 340000000 | Deposits Received | RP-34 | 48000.00 |
| 350000000 | Other Liabilities | RP-36 | 2401467.00 |
| 410000000 | Fixed Assets | RP-38 | 22063431.00 |
| 412000000 | Capital work in Progress | RP-40 | 4410453.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6536803.00 |
| 460000000 | Loans, Advances and Deposits | RP-47 | 1732264.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 45021763.00 |
| Cash | Cash | RP-40(b) | 19822.00 |
| | **Grand Total** | | **140328042.00** |

## അനുബന്ധം 3-2

## INCOME & EXPENDITURE STATEMENT

| Mangattidam Grama Panchayat<br>INCOME & EXPENDITURE STATEMENT<br>For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5787399.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 38795.00 |
| 140000000 | Fee & User Charges | I-4(b) | 2053911.00 |
| 150000000 | Sale & Hire Charges | I-5(b) | 46623.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 208248343.00 |
| 171000000 | Interest Earned | I-8 | 886192.00 |
| 180000000 | Other Income | I-9 | 85345.00 |
| | **Total Income** | | **217146608.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10132020.00 |
| 220000000 | Administrative Expenses | I-11(b) | 960719.00 |
| 230000000 | Operations & Maintenance | I-12(b) | 1518568.00 |
| 240000000 | Interest & Finance Charges | I-13 | 696.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10435364.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 64989632.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3998314.00 |
| 253000000 | Decentralised Plan Programme- | I-14(c) | 1702449.00 |

| | | | |
|---|---|---|---|
| | Projects not included in Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 80399320.00 |
| 255000000 | Maintenance Projects | I-14(e) | 9427886.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 126562.00 |
| 272000000 | Depreciation | I-17(a) | 24787139.00 |
| | **Total Expenditure** | | **208478669.00** |
| | **Gross Surplus/ Deficit of income over Expenditure** | | **8667939.00** |
| 280000000 | Prior Period Item | I-18 | 128003.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **8539936.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3

## BALANCE SHEET

| **Mangattidam Grama Panchayat BALANCE SHEET**<br>As on 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 133767237.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 32605.00 |
| 312000000 | Reserves | B-3 | 86893495.00 |
| | **Total Reserve & Surplus** | | **220693337.50** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13804499.00 |
| | **Total Grants, Contributions for Specific Purposes** | | **13804499.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 793900.00 |
| 350000000 | Other Liabilities | B-9 | 2238305.50 |
| | **Total Current Liabilities and Provisions** | | **3032205.50** |
| | **TOTAL LIABILITIES** | | **237530042.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 230315134.00 |
| 411000000 | Accumulated Depreciation | B-11 | -90693393.00 |
| 412000000 | Capital Work in Progress | B-11(a) | 6007489.00 |
| | | | |

| | | | |
|---|---|---|---|
| | **Total Fixed Assets** | | **145629230.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | **Total Investments** | | **20000.00** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 6549979.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 45041585.00 |
| 460000000 | Loans, Advances and Deposits | B-18 | 40289248.00 |
| | **Total Current Assets, Loans and Advances** | | **91880812.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **237530042.00** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ